ഇല്ലാതിരുന്ന ആവശ്യമാണ് ഇതെന്ന വസ്തുത കണക്കിലെടുത്തും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും റെയിൽവേ ഉന്നയിച്ച ആവശ്യം പരിഗണിക്കാൻ കഴിയുകയില്ലെന്ന് റെയിൽവേ ബോർഡിനേയും കേന്ദ്രസർക്കാരിനേയും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സംസ്ഥാനത്തിന് അനുകൂലമായി റെയിൽവേ ബോർഡോ കേന്ദ്രസർക്കാരോ പ്രതികരിച്ചിട്ടില്ല.

അങ്കമാലി-ശബരി റെയിൽവേ ലൈൻ പ്രാവർത്തികമാക്കുകയെന്ന സംസ്ഥാനത്തിന്റെ ആവശ്യം പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തെ എം.പി.-മാർ മുഖേനയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

2015-16 റെയിൽവേ ബഡ്ജറ്റിൽ 5 കോടി രൂപ മാത്രമാണ് അങ്കമാലി-ശബരി റെയിൽവേ ലൈനിനായി മാറ്റിവച്ചിട്ടുള്ളത്.

റെയിൽ വികസന പദ്ധതികൾ

60(2048) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. എം. ഹംസ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽ വികസനത്തിന് അത്യന്താപേക്ഷിതമായ പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചകൾ കാരണമാവുന്നുണ്ടോ ;

(ബി) റെയിൽ മേഖലയിൽ പദ്ധതികൾ നേടിയെടുക്കുന്നതിനും യഥാസമയം നടപ്പിലാക്കുന്നതിനും മറ്റ് സംസ്ഥാനങ്ങൾ കാണിക്കുന്ന ജാഗ്രത കേരളം കാണിക്കാത്തത് പദ്ധതികൾ പ്രാബല്യത്തിലാവുന്നതിന് വിഘാതമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) റെയിൽ വികസനത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികൾ യഥാസമയം പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ സംവിധാനം എത്രത്തോളം പ്രാപ്തമാണ് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേണ്ടത്ര പരിഗണന ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

റെയിൽവേയാണ്. അതിനായി . സംസ്ഥാന സർക്കാർ .നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

(സി) സംസ്ഥാനത്തെ റെയിൽവേയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങൾ ഒന്നുമില്ല. എന്നാൽ കേരളത്തിലെ എം.പി.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവേ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ എല്ലാ വർഷവും സമർപ്പിക്കുന്നത് ക്രോഡീകരിച്ച് പ്രത്യേക യോഗം ചേർന്ന് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം തയ്യാറാക്കി എല്ലാ വർഷവും റെയിൽവേ ബഡ്ജറ്റിന് മുമ്പായി അവലോകനംചെയ്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തുവരുന്നത്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. എന്നാൽ ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേയ്ക്ക് നൽകുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി, പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്.

കൂടാതെ എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി കേരളത്തിലെ ലോക്സഭാ, രാജ്യസഭാ എം.പി.മാരുടെ യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും ടി എം.പി.-മാർ മുഖേന പാർലമെന്റിലും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉയർത്തി വേണ്ട സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം മൊത്തം 10 കോടിയോളം രൂപ സംസ്ഥാന സർക്കാർ നൽകി. കൊല്ലം, കോട്ടയം, എറണാകുളം നോർത്ത് സൗത്ത്, തൃശ്ശൂർ, കോഴിക്കോട് സ്റ്റേഷൻ വികസനങ്ങൾക്കായാണ് ഈ തുക നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

പണികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. അതോടൊപ്പം സംസ്ഥാനത്ത് സബർബൻ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരുമായി 50:50 ഓഹരിയുള്ള കൂട്ടുസംരംഭത്തിന് അനുമതി പ്രത്യേകമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ എറണാകുളം ജില്ലയിലെ റെയിൽവേ വികസനത്തിനായി നിരവധി പദ്ധതികളും DEMU/MEMU സർവ്വീസുകൾ ആരംഭിക്കുവാനും റെയിൽവേയുമായി ധാരണയായിട്ടുണ്ട്. ഇവയിൽ എറണാകുളം ആലുവ റൂട്ടിൽ DEMU സർവ്വീസ് ഇതിനകം ആരംഭിച്ച് കഴിഞ്ഞു.

റെയിൽവേ വികസനം

61(2049) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലയളവിൽ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ അനുവദിക്കപ്പെട്ടു ;

(സി) ഈ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഏതെല്ലാം പദ്ധതികൾ പ്രഖ്യാപനത്തിൽമാത്രം ഒതുങ്ങിയെന്നും ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിനാവശ്യമായ എല്ലാ പദ്ധതികളും പണികളും എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം 2015-16 റെയിൽ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനസർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. അതിലുൾപ്പെടുത്തിയിരുന്ന പ്രധാനകാര്യങ്ങൾ അനുബന്ധം-1 ആയി വച്ചിരിക്കുന്ന രേഖയിൽ കാണാവുന്നതാണ്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly